# തെങ്ങിന്റെ ചങ്ങാതിയാകൂ വരുമാനം നേടൂ, ജില്ലയിൽ പരിശീലനം തുടരുന്നു

കൊച്ചി: യന്ത്രവൽകൃത തെങ്ങുകയറ്റത്തിന് രൂപീകരിച്ച ചങ്ങാതിക്കൂട്ടത്തിന്റെ രണ്ടാംഘട്ട പരിശീലന പദ്ധതി വിജയകരമായി തുടരുന്നതായി നാളികേര വികസന ബോർഡ്. തെങ്ങുകയറ്റക്കാരെ കിട്ടാനില്ലാത്ത ദുരവസ്ഥയ്ക്കുമൊരു പരിഹാരമാണ് കേന്ദ്ര നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന യന്ത്രവൽകൃത തെങ്ങുകയറ്റ പരിശീലന പരിപാടി.

ചങ്ങാതിക്കൂട്ടത്തിന്റെ ഭാഗമായി പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കേരകൃഷിയുടെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചും പരിപാലന രീതിയെക്കുറിച്ചും വിദഗ്ധർ ക്ലാസുകൾ എടുക്കും. ആറുദിവസത്തെ പരിശീലനത്തിൽ തെങ്ങുകയറ്റം, തെങ്ങുകയറ്റ യന്ത്രപരിചയം, വിത്ത് തേങ്ങാ സംഭരണം, ആശയ വിനിമയം, സമ്പാദ്യശീലം, കൃത്രിമ പരാഗണം, മരുന്നുതളിക്കൽ, സങ്കരണ വിദ്യ, കേര സംരക്ഷണം തുടങ്ങിയവയും പാഠ്യവിഷയമാകും.

ജില്ലയിൽ നിന്നും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരോൽപാദക സംഘങ്ങൾക്ക് കുറഞ്ഞത് അഞ്ച് ചങ്ങാതിമാരെ പരിശീലനത്തിലേക്ക് തെരഞ്ഞെടുത്തയക്കാം. ഉൽപാദക സംഘങ്ങളിലേക്ക് ഇവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യാം. ഉണ്ണികൃഷ്ണൻ, മാസ്റ്റർ ട്രെയിനർ 9744908114, ലീനാമോൾ എം.എ, ജില്ലാ ചാർജ് ഓഫീസർ, 9447818993 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.